I ഇ.ബി. XIV - കേരള നിയമസഭ /X-6

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 07, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം

മി. സ്പീക്കർ: 2015 മാർച്ച് 13-ന് കേരള നിയമസഭയിലുണ്ടായ അനിഷ്ട സംഭവങ്ങളെയും പൊതുമുതൽ നശിപ്പിക്കപ്പെട്ട കാര്യത്തെയും അടിസ്ഥാനമാക്കി തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി.790/16 നമ്പറായി നിലനിൽക്കുന്ന കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം നിയമ വ്യവസ്ഥയിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാനിടയാകുന്നതുമൂലം

ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുസമൂഹത്തിന് ഗുണകരമാകുന്ന നിലയിൽ മാത്രം ഈ വിഷയം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 13-03-2015-ൽ സഭയിലുണ്ടായ സംഭവങ്ങൾ സംബന്ധിച്ച് അന്നത്തെ നിയമസഭാ സ്പീക്കർക്ക് ലഭിച്ച മൂന്ന് പരാതികളിൽ ഒന്നു മാത്രം സഭയുടെ അനുമതിയില്ലാതെ പോലീസിന് കൈമാറുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്ത നടപടി വിവേചനപരമാണെന്ന പരാതി അന്നുതന്നെ ഉയർന്നിരുന്നു. അപമാനിക്കപ്പെട്ട വനിതാ എം.എൽ.എ.മാർ അന്നത്തെ സ്പീക്കർക്കും ഡി.ജി.പി.ക്കും പരാതി എഴുതി നൽകിയെങ്കിലും അതിന്മേൽ ഒരു നടപടിയും സ്വീകരിക്കാത്തതിനെ തുടർന്ന് അവർ കോടതിയെ സമീപിക്കുകയും പ്രസ്തുത കേസിൽ പ്രതികളായ എം.എൽ.എ.മാർ ഹൈക്കോടതിയിൽ നിന്നും താല്ക്കാലിക സ്റ്റേ വാങ്ങുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം കേരള നിയമസഭയിലെ സാമാജികർ വാദികളായും പ്രതികളായും സാക്ഷികളായും കോടതികളിൽ നിരന്തരം ഹാജരാകേണ്ട അനഭിലഷണീയ സാഹചര്യം

ഒഴിവാക്കുന്നതിന് അന്നത്തെ സ്പീക്കർ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചിരുന്നു. അതിന്റെ തുടർനടപടിയായി പോലീസ് എടുത്ത കേസ് കോടതിയുടെ സമ്മതത്തോടെ പിൻവലിക്കുന്നതിൽ എതിർപ്പില്ലെന്ന് മാത്രമാണ് സർക്കാർ നിലവിലുള്ള നിയമമനുസരിച്ച് പ്രോസിക്യൂട്ടറെ കത്തുമുഖേന അറിയിച്ചിട്ടുള്ളത്. ഇതിനുമുമ്പും പല കേസ്സുകളും മുൻസർക്കാരുകൾ പിൻവലിച്ചിട്ടുണ്ട്. വേണ്ടത്ര ആലോചനയോ പരിശോധനയോ ഇല്ലാതെ സഭയ്ക്കുള്ളിലുണ്ടായ സംഭവങ്ങളെ ക്രിമിനൽ നടപടിച്ചട്ടങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭൂഷണമല്ല. അന്നത്തെ സഭയുടെ അംഗീകാരമോ സഭാനേതാവിന്റെ പ്രമേയമോ കൂടാതെ ആധികാരികതയില്ലാതെ നിയമസഭാ സെക്രട്ടറി നൽകിയ പരാതിയെ തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സാണിത്. കോടതിയുടെ അനുമതിയോടെ കേസ് പിൻവലിക്കുന്നതിന് എതിർപ്പില്ലെന്ന് അറിയിക്കുമ്പോഴും സർക്കാർ പരിഗണിച്ചത് വിശാലമായ പൊതുതാല്പര്യം മാത്രമാണ്.

ശ്രീ. വി. ഡി. സതീശൻ: 2015 മാർച്ച് 13 നിയമസഭാ ചരിത്രത്തിലെ ഏറ്റവും ദൗർഭാഗ്യകരമായ ദിവസമാണ്. സഭയുടെ അന്തസ്സും സ്പീക്കർസ്ഥാനത്തിന്റെ യശസ്സും ഒരു ദിവസംകൊണ്ട് തകർത്ത പ്രസ്തുത സംഭവം ദൃശ്യമാധ്യമങ്ങളിലൂടെ തൽസമയം ലോകമെങ്ങും കണ്ടതാണ്. ഇത്രയും സാക്ഷികളുണ്ടായ ക്രിമിനൽ കേസ്സുകൾ വേറെയുണ്ടായിട്ടില്ല. നിയമസഭാ സെക്രട്ടറിയാണ് നടപടിക്രമങ്ങളനുസരിച്ച് അതു

സംബന്ധിച്ച പരാതി പോലീസിന് കൈമാറിയിട്ടുള്ളത്. ഏറെ ഉത്തരവാദിത്വമുള്ള നിയമസഭാ സെക്രട്ടറിയുടെ പദവിയെ നിസ്സാരവൽക്കരിച്ച മുഖ്യമന്ത്രിയുടെ നിലപാട് ശരിയല്ല. ഇതുസംബന്ധിച്ച് തിരുവനന്തപുരം സി.ജെ.എം. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സാണ് ആഭ്യന്തര വകുപ്പിന്റെ ഒരു ഉത്തരവിലൂടെ പിൻവലിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. അന്നത്തെ ഭരണകക്ഷി എം.എൽ.എ.മാർക്കെതിരെ വനിതാ എം.എൽ.എ.മാർ കൊടുത്ത കേസിൽ തങ്ങളുടെ നിരപരാധിത്വം പറഞ്ഞ് അവർ ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഒരു കുറ്റകൃത്യം ചെയ്യുന്ന നിയമസഭാംഗത്തിന് യാതൊരുവിധ പ്രിവിലേജും ഭരണഘടനാപരമായോ നിയമപരമായോ ഇല്ല. നിയമസഭയിലെ പൊതുമുതൽ നശിപ്പിച്ചത് സംസ്ഥാനത്തിനെതിരെയുള്ള ഒരു ക്രിമിനൽ കുറ്റമായതുകൊണ്ട് വിചാരണ നടത്തി പ്രതികൾക്ക് തക്കതായ ശിക്ഷ വാങ്ങിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുണ്ട്. ഈ സഭയിലെ ഒരു മന്ത്രിയും, ഒരു എം.എൽ.എ.യും ഉൾപ്പെടെ 6 പേരാണ് പ്രതികളായിട്ടുള്ളത്. കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ കൺമുന്നിൽവച്ച് നടത്തിയ ക്രിമിനൽ കുറ്റത്തിൽ നിന്ന് ഇവരെ മോചിപ്പിച്ചാൽ ഇവിടെ ഇരട്ട നീതിയാണ് നടപ്പിലാക്കുന്നതെന്ന ധാരണ ജനങ്ങൾക്കുണ്ടാകും. അത് നീതിന്യായ വ്യവസ്ഥയിലും നിയമ വ്യവസ്ഥയിലുമുള്ള സാമാന്യ ജനങ്ങളുടെ

വിശ്വാസം നഷ്ടപ്പെടുന്നതിന് ഇടയാക്കും. ഗവൺമെന്റ് ഈ കേസ് പിൻവലിക്കുന്നതിന് പറഞ്ഞ ന്യായങ്ങൾ അന്യായങ്ങളാണ്. അന്നത്തെ ഭരണകക്ഷിയിലെ അംഗങ്ങൾക്കെതിരെ കൊടുത്ത സ്വകാര്യ അന്യായം കോടതിയിൽ നടക്കുന്നുണ്ട്. അന്നത്തെ ഭരണകക്ഷിയിലുള്ളവർ വനിതാ അംഗങ്ങളെ അപമാനിച്ചിട്ടുണ്ടെങ്കിൽ അവരെ ഈ രാജ്യത്തിന്റെ നിയമവ്യവസ്ഥയ്ക്ക് വിധേയമാക്കണം. ഭരണകക്ഷിയുടെ സ്വാധീനം ഉപയോഗിച്ച് പ്രതികളെ രക്ഷപ്പെടുത്താനുള്ള ശ്രമം മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടായാൽ അത് സഭയ്ക്ക് കളങ്കവും അപമാനകരവും സത്യപ്രതിജ്ഞാ ലംഘനവുമായിരിക്കും. നീതിന്യായ വ്യവസ്ഥയെയും നിയമവ്യവസ്ഥയെയും കാറ്റിൽപ്പറത്താനുള്ള ഈ തീരുമാനം പിൻവലിക്കണം. ജനങ്ങളുടെയിടയിൽ നീതിന്യായ സംവിധാനങ്ങളോടുള്ള വിശ്വാസം നഷ്ടപ്പെടാനിടയാകുമെന്നതിനാൽ ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭയേയും നടപടിക്രമങ്ങളെയും സംബന്ധിച്ച കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കേണ്ടത് സഭ തന്നെയാണെന്ന സ്പിരിറ്റ് ഉൾക്കൊണ്ടാണ് പ്രമേയത്തിനാസ്പദമായ നടപടി സ്വീകരിച്ചത്. സഭാനടപടിക്രമങ്ങളെ കോടതിയിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത് അന്തസ്സ് കെടുത്താനും സഭയുടെ ജനാധിപത്യ അവകാശത്തെ ദുർബലപ്പെടുത്താനും ലെജിസ്ലേച്ചറും

ജുഡിഷ്യറിയും തമ്മിലുള്ള സംഘർഷത്തിനും വഴിവയ്ക്കും. ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകൾ മറ്റൊന്നിന്റെ അവകാശത്തിലേയ്ക്ക് കടന്നുകയറിയാൽ അത് ജനാധിപത്യത്തിന്റെ തകർച്ചയ്ക്ക് കാരണമാകും. ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ നിയമസഭയുടെ സ്വയംനിർണ്ണയാവകാശവും പരമാധികാരവും മറ്റെവിടേയ്ക്കും കൈമാറ്റം ചെയ്യപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുന്ന വിധത്തിലാണ് പ്രവർത്തിക്കേണ്ടത്. പ്രമേയത്തിന് അടിസ്ഥാനമായ സംഭവത്തിൽ കേസ്സെടുക്കാനോ പോലീസിൽ പരാതി നൽകാനോ നിയമസഭയോ നിയമസഭയുടെ നാഥനായ സ്പീക്കറോ തീരുമാനമെടുക്കാതിരുന്നതിനാൽ ഒരു ഉദ്യോഗസ്ഥൻ നൽകിയ പരാതി നിയമസഭയുടെ പരാതിയാകുകയില്ല. ഈ പശ്ചാത്തലത്തിലാണ് കോടതിയുടെ അനുമതിയോടെ കേസ് പിൻവലിക്കാൻ എതിർപ്പില്ലെന്ന നിലപാടിൽ എത്തിച്ചേർന്നത്. സഭയ്ക്ക് പുറത്തുനടന്ന സംഭവങ്ങൾ മുൻനിർത്തിയെടുത്ത കേസുകൾ മുൻ ഗവൺമെന്റുകൾ പിൻവലിച്ച നിരവധി അനുഭവങ്ങളുണ്ട്. സഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ കേസിലുള്ളത് എന്നതിനാൽ സഭതന്നെയാണ് ഇതിൽ തീർപ്പ് കല്പിക്കേണ്ടത്. ഉചിതമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കുടിവെള്ള ക്ഷാമം

ശ്രീ. സി. ദിവാകരൻ: സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വരൾച്ചമൂലം കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): വേനലിന്റെ കാഠിന്യം ഗൗരവത്തിലെടുത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായി ചർച്ചനടത്തുകയും ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പ് മുൻകൈയെടുക്കുകയും സംസ്ഥാനാടിസ്ഥാനത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെയാണ് കഴിഞ്ഞ വർഷത്തെ വരൾച്ചയെ അതിജീവിക്കാൻ

സാധിച്ചത്. ഈ വർഷം ജലസംഭരണികളിലെയും നിരീക്ഷണ കിണറുകളിലെയും ജലനിരപ്പ് മെച്ചപ്പെട്ടെങ്കിലും നദികളുടെ നീരൊഴുക്ക് കുറഞ്ഞിരിക്കുകയാണ്. ജലനിരപ്പ് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി തടയണ നിർമ്മാണം ഉൾപ്പെടെ 94 പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുപയോഗിച്ച് ജില്ലകളിൽ പദ്ധതികൾ നടപ്പാക്കുന്നതിനും 18 കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ കമ്മീഷൻ ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പൈപ്പ്ലൈനിന്റെ ചോർച്ച സമയബന്ധിതമായി പരിഹരിച്ച് ജലവിതരണം കാര്യക്ഷമമമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജലവിതരണ ശൃംഖല നീട്ടാൻ കഴിയുന്ന പ്രദേശങ്ങളിൽ ഇന്റർ കണക്ഷൻ നൽകുന്നതിനും കൂടുതൽ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലവഴി ജലമെത്തിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെ സഹായത്തോടെ ടാങ്കർ ലോറികളിൽ വെള്ളം ലഭ്യമാക്കുന്നതിനും നിലവിലുള്ള സ്രോതസ്സുകൾ തടസ്സപ്പെട്ടാൽ ബദൽ സംവിധാനത്തിലൂടെ താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനും ഉയർന്ന

പ്രദേശങ്ങളിൽ വാൽവ് ക്രമീകരിച്ച് പമ്പിംഗ് നടത്തുന്നതിനും ജലസുരക്ഷ, വേനലിനെ അതിജീവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗാർഹികേതര-സ്പെഷ്യൽ കണക്ഷനുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതും ജലമോഷണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുന്നതുമാണ്. നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ട്.

## (2) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

ശ്രീ. എം. ഉമ്മർ: സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും പൊതുപ്രവർത്തകരുടെയും അധികാര ദുർവിനിയോഗവും അഴിമതിയും കൈകാര്യം ചെയ്യുന്ന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അനിവാര്യമാണ്. ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും പിൻബലമില്ലാതെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനെതിരെ ധാരാളം വിമർശനങ്ങൾ നിലനിൽക്കുന്നുണ്ട്. നിയമങ്ങളുടെ പിന്തുണയില്ലാതെ തയ്യാറാക്കിയ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മാന്വൽ ഇന്നും ഭേദഗതികളില്ലാതെ തുടരുകയാണ്. വിജിലൻസ് മാന്വൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നിയമനിർമ്മാണം നടത്തണം. ആക്ടിന്റെ പിൻബലത്തോടെ

വിജിലൻസ് കമ്മീഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള ലോകായുക്ത നിയമത്തിന്റെയും അഴിമതി നിരോധന നിയമത്തിന്റെയും അടിസ്ഥാനത്തിൽ കാര്യക്ഷമവും സ്വതന്ത്രവുമായാണ് വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നത്. ഇതിന് കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമാണ്. 2001-നുശേഷം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കോടതിവിധികൾ എന്നിവ മാനുവലിന്റെ അനുബന്ധമായി കൂട്ടിച്ചേർക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വിജിലൻസ് കമ്മീഷണറും രണ്ടിൽ കൂടാതെയുള്ള വിജിലൻസ് കമ്മീഷണർമാരും ഉൾപ്പെടുന്ന സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ കരട് ബിൽ തയ്യാറാക്കി സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ബിൽ ഫലപ്രദമായി നടപ്പാക്കുന്നതിന് ചില ഭേദഗതികൾ ആവശ്യമാണെന്ന് നിയമ വകുപ്പ് സെക്രട്ടറിയും വിജിലൻസ് ഡയറക്ടറും അഭിപ്രായപ്പെട്ടിട്ടുണ്ട്. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ച സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി കേരളത്തിലും കമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## III.**സബ്മിഷൻ**

### (1) സി.ആർ.ഇസഡ്. അനുമതി

ശ്രീ. വി.കെ.സി. മമ്മത് കോയ: തീരപ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിനും നിലവിലുള്ളത് പുതുക്കുന്നതിനും ജില്ലാ തലത്തിൽ സി.ആർ.ഇസഡ്. അനുമതി നൽകുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിലെ തീരദേശ മേഖലയിൽ സി.ആർ.ഇസഡ്. മാനദണ്ഡങ്ങൾ പാലിച്ച് ഗൃഹനിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നുണ്ട്. 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരമേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ കേരളത്തിന് അനുയോജ്യമല്ലെന്നും കേരളതീരത്ത് ജനസാന്ദ്രത കൂടുതലാണെന്നുമുള്ള കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ടൗൺ പ്ലാനർ മെമ്പർ സെക്രട്ടറിയായും പരമ്പരാഗത തീരദേശവാസികളുടെ 3 പ്രതിനിധികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് എന്നിവർ മെമ്പർമാരുമായി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 66 ച.മീ. വരെ തറ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളുടെ സി.ആർ.ഇസഡ് ക്ലിയറൻസിനുള്ള അപേക്ഷകൾ കമ്മിറ്റിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം 4 ജില്ലാ കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മുഴുവൻ കേസ്സുകളും

സമയബന്ധിതമായി തീർപ്പാക്കുന്നതാണ്.

(2) കുടിവെള്ളക്ഷാമം

ശ്രീ വി. എസ്. അച്യുതാനന്ദൻ: മലമ്പുഴ കുടിവെള്ള പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും വരൾച്ച ബാധിത പ്രദേശമായ പാലക്കാട് ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കടുത്ത വരൾച്ച അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിലെ മലമ്പുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴ, അകത്തേത്തറ, പുതുപരിയാരം, മരുതറോഡ്, മുണ്ടൂർ(പാർട്ട്) എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തയ്യാറാക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, റിംഗ് റോഡിൽ ജലവിതരണത്തിനുള്ള പൈപ്പുകൾ, പമ്പ് സെറ്റുകൾ, മെയിൻ പൈപ്പ് ലൈൻ എന്നിവ ഇതിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി, കൊടുമ്പ് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ജലവിതരണം നടത്തിവരുന്നു. കരിമ്പ, കോങ്ങോട് ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്ക് 27.3 കോടി രൂപയുടെ വിശദമായ

എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. എലപ്പുള്ളി, നല്ലേപ്പള്ളി, പെരുമാട്ടി,പട്ടഞ്ചേരി കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം ഉൾപ്പെടെയുള്ള പദ്ധതികൾ കിഫ്ബിയിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. മലമ്പുഴയിൽ നിലവിലുള്ള വിതരണ ശൃംഖലയിലെ വാൽവുകൾ ക്രമീകരിച്ച് കുടിവെള്ള വിതരണം ഉറപ്പാക്കുന്നുണ്ട്. ആദിവാസി മേഖലയിൽ 16 വാട്ടർ കിയോസ്കുകളിലൂടെ കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരണശാലയിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുന്നതാണ്. സംസ്ഥാന തലത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്. ലഭ്യമായ ജലം പരമാവധി കുടിവെള്ളത്തിനായി മാറ്റിവയ്ക്കാനും ശേഷിച്ചവ ജലസേചനത്തിന് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. മലമ്പുഴ ജലസേചന പദ്ധതിയിൽ കുടിവെള്ളത്തിന് മുന്തിയ പരിഗണന നൽകിയതിനാൽ കൃഷി ആവശ്യത്തിനുള്ള ജല വിതരണം അവസാനിപ്പിക്കേണ്ടി വന്നു. പാലക്കാട് മുനിസിപ്പാലിറ്റിക്കും സമീപത്തുള്ള ആറ് പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനും ഭാരതപ്പുഴയിൽ ഷൊർണ്ണൂർ വരെയുള്ള തടയണകൾ നിറയ്ക്കുന്നതിനുമായി പത്ത് മില്യൺ ക്യൂബിക് മീറ്റർ ജലം വീതം ഡാമുകളിൽ ശേഖരിച്ചിട്ടുണ്ട്. മലമ്പുഴ പഞ്ചായത്തിലെ നിലവിലുള്ള കടുക്കാംകുന്ന് തടയണ ഉപയോഗിച്ച് ജലസംഭരണം നടത്തുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. പുതുശ്ശേരി പഞ്ചായത്തിലെ മൂന്നാം വാർഡിൽ

കുപ്പാലൻചള്ള തോടിന് കുറുകെ തടയണ കെട്ടി ജലം സംഭരിച്ച് കുടിവെള്ളത്തിനും കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കും വിനിയോഗിക്കുന്നതിന് പത്ത് കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. 2017-18 വർഷത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മലമ്പുഴ നിയോജകമണ്ഡലത്തിൽ ഏഴ് കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതോടെ ഒരു പരിധിവരെ മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

(3)<u>ചീക്കോട് കുടിവെള്ള പദ്ധതി</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ചീക്കോട് കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖലയിലെ പണികൾ പൂർത്തീകരിക്കുന്നതിനും പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു. ടി. തോമസ്</u>): ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ജലസംഭരണികൾ എന്നിവ നബാർഡ് ധനസഹായത്തോടെ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-ൽ കമ്മീഷൻ ചെയ്തു. ചീക്കോട് പദ്ധതിയിൽ ഏകദേശം 120 കിലോമീറ്റർ വിതരണ ശൃംഖലയ്ക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇതിനുപുറമേ ചീക്കോട് പദ്ധതിയിൽ ഉൾപ്പെട്ട 6 പഞ്ചായത്തുകളിൽ വിതരണ

ശൃംഖല സ്ഥാപിക്കുന്നതിന് എസ്.എൽ.എസ്.എസ്.സി.-ൽ 8 കോടി രൂപയുടെ അനുമതിയും ലഭിച്ചു. എന്നാൽ നിർമ്മാണം ജലനിധി മുഖാന്തിരം നടപ്പാക്കാമെന്ന നിർദ്ദേശപ്രകാരം ഭരണാനുമതി പിന്നീട് റദ്ദുചെയ്തു. പ്രസ്തുത പദ്ധതിക്കായി ജലനിധി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ 92.5 കിലോമീറ്റർ വിതരണശൃംഖല പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ചീക്കോട്, മുതുവല്ലൂർ, കുഴിമണ്ണ, വാഴയൂർ, പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകളിലും കൊണ്ടോട്ടി,രാമനാട്ടുകര മുനിസിപ്പാലിറ്റികളിലുമാണ് ഭാഗികമായി ജലവിതരണം നടത്തിവരുന്നത്. വിതരണശൃംഖലയിലെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി വാഴക്കാട് പഞ്ചായത്തിലും ജലവിതരണം നടത്താൻ കഴിയും. ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്ന് ഇതുവരെ 3479 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച വിതരണ ശൃംഖലയിൽനിന്നും കൂടുതൽ ഗാർഹിക കണക്ഷനുകൾ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽ പ്രവൃത്തികൾക്ക് പുറമെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ആവശ്യകതകൂടി പരിഗണിച്ച് ജലലഭ്യത ഉറപ്പാക്കിക്കൊണ്ട് വിപുലീകരണ പദ്ധതികൾ പരിഗണിക്കുന്നതാണ്.

## (4) വിവിധ പദ്ധതികളുടെ പൂർത്തീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോടിമത പാലത്തിന്റെയും കോട്ടയം ഡെവലപ്മെന്റ് കോറിഡോറിന്റെയും പടിഞ്ഞാറൻ ബൈപ്പാസ് റോഡിന്റെയും

ശാസ്ത്രീ റോഡിന്റെയും നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനും പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കോട്ടയം കോടിമത പാലത്തിലെ മൂന്ന് സ്പാനുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. അവസാനത്തേത് പൂർത്തീകരണ ഘട്ടത്തിലാണ്. ടി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുറംമ്പോക്കിൽ താമസിക്കുന്ന രണ്ട് കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായുണ്ട്. പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയം കളക്ടറുമായി ചർച്ച ചെയ്ത് അടിയന്തര നടപടി സ്വീകരിക്കും. കോട്ടയം ഡെവലപ്മെന്റ് കോറിഡോർ റോഡിന്റെ നിർമ്മാണം 2016 ഓഗസ്റ്റ് 25-ന് ടാറിംഗ് ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ടാറിംഗ് നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. പടിഞ്ഞാറൻ ബൈപ്പാസ് റോഡിന്റെ നിർമ്മാണം ഈ മാസം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് റോഡുകളുടെയും നിർമ്മാണം അതിവേഗം പൂർത്തീകരിച്ച് സമഗ്ര വികസനം സാധ്യമാക്കും. ശാസ്ത്രീ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് നൽകിയാൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്.

(5)നിയമഭേദഗതി

ശ്രീ. പി. കെ. ശശി: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിലെ 9(a) വകുപ്പ് റദ്ദാക്കാനും ചുമട്ടുതൊഴിലാളികൾക്ക് ന്യായമായ തൊഴിലും കൂലിയും ഉറപ്പുവരുത്താനും നിലവിലുള്ള വ്യവസായങ്ങളും നിക്ഷേപങ്ങളും സംരക്ഷിക്കാനുതകുന്ന തരത്തിൽ നിയമങ്ങളിലും നടപടിക്രമങ്ങളിലും കാലോചിതമായ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേരളത്തിൽ വ്യവസായാനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നടത്തിയ പഠന റിപ്പോർട്ടിലെ നിർദ്ദേശാനുസരണം നിലവിലെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് കൊമേർഷ്യൽ ആന്റ് ഫെസിലിറ്റേഷൻ ബിൽ, 2018-ൽ അവതരിപ്പിക്കുകയും 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ 9(a) വകുപ്പ് കൂട്ടിച്ചേർക്കുകയുമുണ്ടായി. തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി ചുമട്ടുതൊഴിലാളികളെയോ മെഷിനറിയോ ഉപയോഗിക്കാവുന്നതാണെന്ന പ്രസ്തുത വ്യവസ്ഥയിന്മേൽ വിമർശനമുയർന്ന സാഹചര്യത്തിൽ ഇക്കാര്യം വിഷയ നിർണ്ണയ സമിതിയുടെ പരിഗണനാവേളയിൽ വ്യക്തത വരുത്താമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലായതിനാൽ സമിതി നൽകുന്ന ശിപാർശയുടെ

അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതോടൊപ്പം തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതുമാണ്.

(6) ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

ശ്രീ. അനൂപ് ജേക്കബ്: ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനായി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിനും ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): എറണാകുളം ജില്ലയിലെ ആമ്പല്ലൂർ വില്ലേജിൽ ഇലക്ട്രോണിക്സ് ഹാർഡ് വെയർ പാർക്ക് ആരംഭിക്കുന്നതിന് 100 ഏക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഡിസ്ട്രിക്ട് ലാന്റ് പർച്ചേസ് കമ്മിറ്റി യോഗം കൂടുകയും ഭൂമിയുടെ നഷ്ടപരിഹാരത്തുക നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ വിനിയോഗിച്ച് കെ.എസ്.ഐ.ഡി.സി. മുഖേന സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും 15 ഭൂവുടമകളിൽ നിന്ന് 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാർ ഒപ്പുവയ്ക്കുകയും ഭൂമി വിലയുടെ 50% തുകയായ 8.26 കോടി രൂപ ഉടമകൾക്ക്

നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എൽ.പി.സി. മുന്നോട്ടു വച്ച ഭൂമി നിരക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിക്കുകയും 2017-18 സാമ്പത്തിക വർഷം മെഗാ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട് മുഖേന 90 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുണ്ടായിട്ടുള്ള കാലതാമസവും സാങ്കേതിക തടസ്സങ്ങളും നീക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുന്നതിനും എത്രയും വേഗം പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (7) ടെക്സ്റ്റൈൽ മില്ലുകളിലെ വേതനം

ശ്രീ. പുരുഷൻ കടലുണ്ടി: കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ടെക്സ് ഫെഡ്, എൻ.ടി.സി. എന്നീ ടെക്സ്റ്റൈൽ മില്ലുകളുടെ പ്രതിസന്ധി പരിഹരിക്കാനും മാനേജ്മെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും മില്ലുകളുടെ നവീകരണത്തിനുമായി നിയോഗിച്ച സമിതിയുടെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനും തൊഴിലാളികളുടെ ബോണസ് കുടിശ്ശിക വിതരണം ചെയ്യാനും മുടങ്ങിക്കിടക്കുന്ന ശമ്പളപരിഷ്കരണം നടപ്പിലാക്കി മിനിമം വേതനം നിശ്ചയിക്കാനും സത്വര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർക്കാർ ധനസഹായത്തോടെ പൊതു-സഹകരണ മേഖലകളിൽ

പ്രവർത്തിച്ചുവരുന്ന 15 മില്ലുകളിൽ അയ്യായിരത്തോളം പേർക്ക് നേരിട്ടും പതിനായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകി വരുന്നുണ്ട്. ഉദുമ സ്പിന്നിംഗ് മിൽ, ഹൈടെക് സ്പിന്നിംഗ് & പവർ ലൂം, പിണറായി, കോമളപുരം സ്പിന്നിംഗ് & പവർ ലൂം തുടങ്ങിയ മില്ലുകൾ എത്രയും പെട്ടെന്ന് തുറക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കേന്ദ്ര സർക്കാരിന്റെ പ്രതികൂല നയങ്ങളും നൂലിന് വില ലഭിക്കാത്ത അവസ്ഥയും മെഷീനുകളുടെ കാലപ്പഴക്കവും കാരണം പ്രവർത്തന മൂലധനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചോർച്ചയുടെ ഫലമായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന മില്ലുകളിലെ തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി, ശമ്പള കുടിശ്ശിക, വൈദ്യുതി ചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ നിലനിൽക്കുന്ന കുടിശ്ശിക സർക്കാർ സഹായത്തോടെ തീർത്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളിലെ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച കരാർ കാലാവധി പൂർത്തിയായതിനാൽ ഐ.ആർ.സി. തീരുമാനപ്രകാരം 2013 നവംബർ മാസം മുതൽ 1600 രൂപ ഇടക്കാല വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകിവരുന്ന ബോണസ് സംബന്ധിച്ച് വർഷാവർഷം സർക്കാർ പ്രഖ്യാപിക്കുന്ന മുറയ്ക്ക് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി കൂടിയാലോചിച്ച് നടപ്പിലാക്കി വരുന്നു. സ്പിന്നിംഗ് മിൽ നവീകരണത്തിനായി

ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച ശ്രീ. നന്ദകുമാർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയുമാണ്. മില്ലുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കോട്ടൺ വാങ്ങുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ശമ്പളപരിഷ്കരണമുൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

(8) ഭവനശ്രീ വായ്പാ ആനുകൂല്യങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: ഭവനശ്രീ വായ്പാ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ആധാരം തിരിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഭവനശ്രീ ഗുണഭോക്താക്കൾക്ക് തുക നൽകാൻ ആവശ്യമായിട്ടുള്ള ത്രികക്ഷി കരാറിന്റെ മാതൃക നിയമ വകുപ്പ് പരിശോധിച്ചു വരികയാണ്. അത് അംഗീകരിക്കുന്ന മുറയ്ക്ക് വായ്പാ തുക ബാങ്കുകൾക്ക് നൽകാനും പ്രമാണം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും നടപടി സ്വീകരിക്കുന്നതാണ്.

(9) പരസ്യ ബോർഡുകൾക്ക് നിയന്ത്രണം

ശ്രീ. പാറക്കൽ അബ്ദുല്ല: റോഡുകളിലെ പരസ്യ ബോർഡുകൾ

നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 1999-ലെ കേരള മുനിസിപ്പാലിറ്റി ചട്ടം (3) പ്രകാരം ലൈസൻസ് കൂടാതെ പരസ്യബോർഡുകൾ സ്ഥാപിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഒരു തരത്തിലുള്ള പ്രയാസവും പൊതുജനങ്ങൾക്കുണ്ടാകാത്ത വിധം മാത്രമേ ബോർഡുകളും കമാനങ്ങളും സ്ഥാപിക്കാൻ പാടുള്ളൂ. അനധികൃതമായി സ്ഥാപിക്കുന്ന ബോർഡുകളും കമാനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് നീക്കം ചെയ്യാൻ അധികാരമുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 275 പ്രകാരവും കേരള പഞ്ചായത്തീരാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരവും നിയമവിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ നീക്കംചെയ്യുന്നതിന് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

(10)കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: പൂതാടി ഗ്രാമ പഞ്ചായത്തിലെ കേണിച്ചിറയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പൂതാടി പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ ഭൂരിഭാഗവും മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാണ് വരുന്നത്. കൂടാതെ പനമരം, സുൽത്താൻബത്തേരി, വെസ്റ്റ് പുൽപ്പള്ളി,

കുംബ്ലങ്ങാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽപ്പെടുന്ന ഉപഭോക്താക്കളും പൂതാടി പഞ്ചായത്തിലുണ്ട്. മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷനിൽ 19026 ഉപഭോക്താക്കളും പനമരം ഇലക്ട്രിക്കൽ സെക്ഷനിൽ 13700 ഉപഭോക്താക്കളും സുൽത്താൻബത്തേരി വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനിൽ 14655 ഉപഭോക്താക്കളും പുൽപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ 17650 ഉപഭോക്താക്കളും കുംബ്ലങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ 13339 ഉപഭോക്താക്കളുമാണുള്ളത്. നിലവിലെ മാനദണ്ഡമനുസരിച്ച് ഈ സെക്ഷനുകളൊന്നും വിഭജിക്കേണ്ട ആവശ്യമില്ലെങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## IV. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI. ധനകാര്യം

**2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ**
**ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ് (4086,60,97,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ (143,26,68,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും (563,93,09,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, എൻ.എ. നെല്ലിക്കുന്ന്, കെ.എം. ഷാജി, കെ.എൻ.എ. ഖാദർ, സി. മമ്മൂട്ടി, സണ്ണി ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവീകരണത്തിന്റെയും കാര്യക്ഷമതയുടെയും പാതയിലൂടെ സമാധാന അന്തരീക്ഷം നിലനിർത്താൻ പ്രതിജ്ഞാബദ്ധതയോടെയാണ് ഈ സർക്കാർ പോലീസിനെ നയിക്കുന്നത്. കുറ്റകൃത്യങ്ങൾ തടയാനും പ്രതികളെ പിടികൂടുന്നതിനും കേരള പോലീസ് വളരെ ജാഗ്രതയോടെയാണ് പ്രവർത്തിക്കുന്നത്. കുറഞ്ഞ നാളുകൾകൊണ്ട് ഏകദേശം 100 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആയിക്കഴിഞ്ഞു. പോലീസ് സേനയ്ക്ക് മികച്ച പരിശീലനവും കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രതികളെ ചോദ്യം ചെയ്യുന്ന മുറികൾ, സൈബർ ഡോം, ഫോട്ടോ ആർക്കൈവ് സംവിധാനം എന്നിവ പ്രവൃത്തിപഥത്തിലെത്തിച്ചുകൊണ്ടുള്ള സേനയുടെ നവീകരണത്തിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ ശ്ലാഘനീയമാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിനും പ്രതികളെ പിടികൂടുന്നതിനും പോലീസ് സേന നടത്തിയിട്ടുള്ള ഇടപെടലുകൾ രാജ്യവ്യാപകമായി അംഗീകാരം നേടിക്കൊണ്ടിരിക്കുകയാണ്. പോലീസ് സംവിധാനത്തിൽ മാതൃകാപരമായ നവീകരണത്തിനാണ് ഈ ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം

സുസജ്ജവും കാര്യക്ഷമവുമായ പോലീസ് സംവിധാനം നിലവിലുള്ളത് കേരളത്തിലാണെന്നുള്ളത് കേരള പോലീസിന് കിട്ടുന്ന വലിയൊരു അംഗീകാരമാണ്. പോലീസ് സേനയെയും ജയിലുകളെയും നവീകരിക്കുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തടവുകാരിൽ കുറ്റവാസനയില്ലാതാക്കി മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ പര്യാപ്തമായ സമീപനമാണ് ജയിലുകളിൽ അവലംബിക്കുന്നത്. തടവുകാർക്ക് വിദ്യാഭ്യാസത്തിനും വായനയ്ക്കും വിനോദത്തിനും വേണ്ട സൗകര്യങ്ങളും നിർമ്മാണ തൊഴിലുകളിലും ആധുനിക സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങളും നിലവിലുണ്ട്. അടിയന്തര ഘട്ടത്തിലും മറ്റ് സന്ദർഭങ്ങളിലും കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിനും കുടുംബ-സാമൂഹ്യ ബന്ധങ്ങൾ നിലനിർത്തുന്നതിനും സൗകര്യപ്രദമായ രീതിയിൽ ജയിലുകൾ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. പോലീസ്, ജയിൽ, ഫയർ ഫോഴ്സ് എന്നീ വകുപ്പുകളുടെ ആധുനികവൽക്കരണത്തിന് മാതൃകാപരമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജയിലുകളിൽ പരോൾ നിബന്ധനകൾ ലംഘിക്കപ്പെടുകയാണ്. കഞ്ചാവ് കച്ചവടവും മൊബൈൽ ഫോൺ ഉപയോഗവും ജയിലുകളിൽ വ്യാപകമായി നടക്കുകയാണ്. ഇത്തരം നിയമലംഘനങ്ങൾക്കെതിരെ യാതൊരു നടപടിയും ഗവൺമെന്റ്

സ്വീകരിക്കുന്നില്ല. അതിവിദഗ്ധരായ ഉദ്യോഗസ്ഥരുള്ള പോലീസ് വകുപ്പിൽ ഒരുദ്യോഗസ്ഥനെ നേരിടാൻ മറ്റൊരു ഉദ്യോഗസ്ഥനെ നിയമിക്കുന്ന രീതിയാണ് നിലവിലുള്ളത്. പോലീസിന്റെ ഇന്റേണൽ ഡിസിപ്ലിൻ തകർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ സർക്കാരിന്റെ ആഭ്യന്തര നയത്തെക്കുറിച്ച് ഗൗരവമായ ഒരാക്ഷേപവും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. സംസ്ഥാനത്ത് വർഗ്ഗീയകലാപങ്ങളോ ജാതിസംഘട്ടനങ്ങളോ ഇല്ലാത്ത ശാന്തമായ അന്തരീക്ഷം നിലനിർത്തുന്നതിനും രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പ്രവർത്തനമികവിനുള്ള അനേകം പുരസ്കാരങ്ങൾക്ക് ഈ കാലയളവിൽ കേരള പോലീസ് അർഹരായിട്ടുണ്ട്. ജയിലുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും അവയെ ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തരവകുപ്പിനുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും അലവൻസുകൾ വർദ്ധിപ്പിക്കുന്നതിനും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരിക്കുകയാണ്. ഈ സർക്കാർ

അധികാരത്തിലെത്തിയതിനുശേഷം ക്രിമിനൽ കേസുകളിൽപ്പെടുന്ന പോലീസുകാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. ഭിന്നലിംഗക്കാർക്കും സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കുമെതിരെയുമുള്ള പോലീസ് അതിക്രമങ്ങളുടെ വാർത്തകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യയിലെ ആൾക്കൂട്ട കൊലപാതകങ്ങൾ ഇപ്പോൾ കേരളത്തിലും ആവർത്തിക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ ഹൈക്കോടതി നടത്തിയ പരാമർശം സർക്കാരിനുള്ള താക്കീതാണ്. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ മുന്നിലെത്തിയിരിക്കുന്നു. ഭരണപക്ഷത്തെ പ്രധാനകക്ഷികൾ കൊലപാതകം നടത്തുന്നതിൽ മത്സരിക്കുകയാണ്. അക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് തിരുത്തണം.

<u>ശ്രീ. സി. കെ. നാണു:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാഷ്ട്രീയ കൊലപാതകങ്ങളിൽ മുഖം നോക്കാതെയുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് സമാധാനാന്തരീക്ഷം ഉറപ്പാക്കാൻ നീതിപൂർവ്വമായ നിലപാടുകൾ സ്വീകരിക്കുന്ന ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും അഭിനന്ദനമർഹിക്കുന്നു. പോലീസിന് കൂടുതൽ സൗകര്യങ്ങൾ അനുവദിക്കുന്നതിനും പോലീസ് ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനും ജയിലുകൾ ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. രാജ്യത്തിനാകെ

മാതൃകയാകുന്ന തരത്തിലുള്ള പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: കേരള ജനതയ്ക്ക് സ്വൈര്യജീവിതം ഉറപ്പുവരുത്തണം. അംഗബലം വർദ്ധിപ്പിക്കുന്നതുൾപ്പെടെ പോലീസ് സേനയിൽ സമഗ്രമായ മാറ്റം വരുത്തണം. കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കുക എന്ന സുപ്രീം കോടതിയുടെ നിർദ്ദേശത്തിന് ഗവൺമെന്റ് മതിയായ പരിഗണന കൊടുക്കണം. ഓരോ പ്രദേശങ്ങൾക്കുംവേണ്ടി രൂപീകരിച്ച ബറ്റാലിയനുകൾക്ക് പുന:ക്രമീകരണം ആവശ്യമാണ്. പോലീസ് റെക്കോർഡ്സ് കമ്പ്യൂട്ടറൈസ് ചെയ്യണം. സൈബർ കുറ്റകൃത്യങ്ങൾ സമയബന്ധിതമായി നേരിടുന്നതിന് പോലീസ് സേനയിൽ ആവശ്യമായ ക്രമീകരണം വരുത്തണം. ഫയർ സ്റ്റേഷനുകൾക്ക് സ്ഥലം കണ്ടെത്താനും ആവശ്യമായ ആംബുലൻസും വാഹനങ്ങളും വാങ്ങാനുമുള്ള നടപടി സ്വീകരിക്കണം. കേന്ദ്രഗവൺമെന്റ് അനുവദിച്ച ഫണ്ട് ലാപ്സാകാതെ ജയിലുകളുടെ നിർമ്മാണത്തിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കണം.

<u>ശ്രീ. ബി. സത്യൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള പോലീസ് മാതൃകാപരവും ലോകനിലവാരവുമുള്ള സേനയാണെന്ന് തെളിയിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകാനും സേനയുടെ അംഗബലം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നിർഭയം യാത്ര

ചെയ്യാനാവശ്യമായ ക്രമീകരണങ്ങൾ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്. ക്രമസമാധാന പാലനം ശാക്തീകരിക്കത്തക്കവിധം പോലീസ് സേനയെ നവീകരിച്ചതിന്റെ ഫലമായി കുറ്റകൃത്യങ്ങൾ കുറഞ്ഞിട്ടുണ്ട്. സൗഹാർദ്ദവും സമാധാനവും കാംക്ഷിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാരാണിത്. പോലീസ് സേനയെ കൂടുതൽ ജനകീയവത്കരിച്ച് മുന്നോട്ടുപോകാനും അംഗബലം വർദ്ധിപ്പിക്കുന്നതോടൊപ്പം വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഒ. രാജഗോപാൽ: നിഷ്പക്ഷമായി പ്രവർത്തിക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് പ്രോത്സാഹനം നൽകണം. സംസ്ഥാനത്തെ രാഷ്ട്രീയ കൊലപാതകങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണം.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ ജോലിക്ക് പോകുന്നവർക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാനുള്ള അധികാരം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകിയ നടപടി സ്വാഗതാർഹമാണ്. കുറ്റാന്വേഷണവും ക്രമസമാധാനവും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സി.ഐ. റാങ്കിലുള്ള ഉദ്യോഗസ്ഥരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചതും 471 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽകൂടി ഈ സംവിധാനം വ്യാപിപ്പിക്കാൻ തീരുമാനിച്ചതും ശ്ലാഘനീയമാണ്. രാഷ്ട്രീയ

കൊലപാതക കേസുകളിൽ പോലീസ് കാര്യക്ഷമവും നിഷ്പക്ഷവുമായാണ് പ്രവർത്തിക്കുന്നത്. പന്തീരാംകാവിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ച നടപടിയെ അഭിനന്ദിക്കുന്നതോടൊപ്പം പ്രാരംഭ നടപടികൾ പൂർത്തിയായ മാവൂർ ഫയർ സ്റ്റേഷന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഭ്യന്തര വകുപ്പ് മുന്നേറ്റത്തിന്റെ പാതയിലാണ്. ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള തീരുമാനവും പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ.-മാരെ നിയമിച്ച നടപടിയും അഭിനന്ദനാർഹമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കേസുകളിൽ മുഖം നോക്കാതെയുള്ള നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്നത്. രാഷ്ട്രീയ കൊലപാതകങ്ങളുണ്ടാകാതിരിക്കാനും സമാധാനാന്തരീക്ഷം നിലനിർത്താനും ശ്രമിക്കണം. അക്രമപ്രവർത്തനങ്ങളെ സർക്കാർ ന്യായീകരിക്കുകയില്ല. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ കൊലപാതകങ്ങൾ നടത്തുന്നത് ശരിയല്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാരിന് സാധിക്കുന്നില്ല. ക്രമസമാധാനപാലനത്തിൽ ഗുരുതര വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. കേരള

പോലീസിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണ് ജനങ്ങൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ. പി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കാര്യക്ഷമമായ പോലീസ് സംവിധാനമുള്ളത് കേരളത്തിലാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതുൾപ്പെടെയുള്ള മാതൃകാപരമായ നിരവധി മാറ്റങ്ങൾ പോലീസ് സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട പിങ്ക് ബീറ്റ് പോലീസ് സംവിധാനം നടപ്പാക്കിയതും വനിതാ എസ്.ഐ.മാർക്ക് പോലീസ് സ്റ്റേഷനുകളുടെ ചാർജ്ജ് നൽകിയതും ശ്ലാഘനീയമാണ്. കൂടുതൽ പ്രൊഫഷണലിസം നൽകി ലോകോത്തര നിലവാരത്തിലേയ്ക്ക് കേരള പോലീസിനെ ഉയർത്തുന്നതിനും ജനസംഖ്യാനുപാതികമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് പോലീസുകാരുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പോലീസ് സ്റ്റേഷനുകളും ഫയർ സ്റ്റേഷനുകളും യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. വിദേശത്തു ജോലി ചെയ്യുന്നവർക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഓൺ ലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കണം. ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷൻ

റിപ്പോർട്ട് അനുസരിച്ച് പോലീസ് സ്റ്റേഷനുകൾ പരിഷ്കരിച്ചിട്ടുണ്ട്. യു.എ.പി.എ. ദുരുപയോഗം ചെയ്യുന്ന പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എം. ഷാജി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ചിരിക്കുന്നു. യു.എ.പി.എ.-യുടെ ദുരുപയോഗവും വർഗ്ഗീയതയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനത്ത് മത ന്യൂനപക്ഷങ്ങൾ സുരക്ഷിതരല്ലാത്ത അവസ്ഥയാണുള്ളത്.

<u>ശ്രീ. എസ്. ശർമ്മ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നേരായ മാർഗ്ഗത്തിൽ പ്രതികരിക്കാനും മതനിരപേക്ഷത ഉയർത്തിപ്പിടിക്കാനും സഹായകരമായ സമീപനം നടപ്പിലാക്കുന്ന ദൗത്യമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ക്രമസമാധാനപാലനത്തിന് മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച കേരളത്തിൽ ക്രമസമാധാന നില തകർന്നു എന്നുള്ള പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്തുണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾക്കുപോലും ഉടനടി പരിഹാരം കാണുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം, കുറ്റകൃത്യങ്ങൾ എന്നിവയുടെ തോത് മുൻ വർഷങ്ങളേക്കാൾ

കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഷുഹൈബിനെയും ആദിവാസി യുവാവായ മധുവിനെയും കൊലപ്പെടുത്തിയ കേസ്സിലെ പ്രതികളെ പിടികൂടാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. നിയമ സമാധാന പരിപാലനത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിനെക്കുറിച്ചുള്ള ധനാഭ്യർത്ഥനയെ എതിർക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ഖേദകരമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഷുഹൈബ് കൊലപാതക കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടണമെന്നുള്ള ഹൈക്കോടതി വിധി ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനത്തിലുള്ള അവിശ്വാസമാണ് വെളിപ്പെടുത്തുന്നത്. കൊലപാതകങ്ങളും മോഷണവും പിടിച്ചുപറിയും ഭവന ഭേദനങ്ങളും അക്രമങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. ക്രമസമാധാനപാലകർ ക്രിമിനൽ കുറ്റങ്ങളിലേർപ്പെടുന്ന സ്ഥിതിയാണുള്ളത്. പോലീസ് സംവിധാനത്തിന്റെ അനാസ്ഥയും നിയമം നടപ്പാക്കുന്നതിലെ അപാകതയും കാരണം തസ്കര സംഘങ്ങളും ക്വട്ടേഷൻ സംഘങ്ങളും കേരളത്തിൽ വിലസുകയാണ്. ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. സമർത്ഥരും നിഷ്പക്ഷമതികളുമായ പോലീസ് ഉദ്യോഗസ്ഥരെ മാറ്റിനിർത്തി താക്കോൽ സ്ഥാനങ്ങളിൽ സർക്കാരിന് താല്പര്യമുള്ളവരെ നിയമിച്ചുകൊണ്ട് പോലീസ്

സേനയെ രാഷ്ട്രീയവത്കരിക്കുന്ന സർക്കാർ നടപടി പോലീസിന്റെ ആത്മവീര്യം നഷ്ടപ്പെടുത്തുകയാണ്. അഴിമതി വിരുദ്ധരായ ഓഫീസർമാർക്കെതിരെ നടപടിയെടുക്കുകയും വിജിലൻസ് കേസുകൾ എഴുതി തള്ളുകയും ചെയ്യുന്നു. ആഭ്യന്തര വകുപ്പിന് നീക്കിവച്ചിട്ടുള്ള തുകപോലും വിനിയോഗിക്കാത്ത സ്ഥിതിയാണുള്ളത്. ജനജീവിതം ദുഃസ്സഹമാകുന്നതിന്റെ ഉത്തരവാദിത്വം സംസ്ഥാനത്തെ പോലീസിനാണ്. അക്രമ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ കഴിയാത്ത പോലീസ് നോക്കുകുത്തികളായി മാറുകയാണ്. തകർന്നുകൊണ്ടിരിക്കുന്ന ക്രമസമാധാനവും നിയമവാഴ്ചയും പുനഃസ്ഥാപിക്കാൻ ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തിന്റെ വികസനത്തിനും ക്രമസമാധാനത്തിനും തടസ്സം സൃഷ്ടിക്കുന്ന വർഗ്ഗീയ ധ്രുവീകരണ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. തെളിയിക്കപ്പെടാത്ത നിരവധി ക്രിമിനൽ കേസുകളും കവർച്ചാ കേസുകളും തെളിയിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പെൺവാണിഭ/ഗുണ്ടാ സംഘങ്ങൾക്കെതിരെയും മയക്കുമരുന്ന് മാഫിയയ്ക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കും. സ്ത്രീ സുരക്ഷയ്ക്കായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പിങ്ക് പട്രോളിംഗ് റൂം

ആരംഭിക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതകളുടെ പരാതി സ്വീകരിക്കുന്നതിന് ഒരു വനിതാ പോലീസിനെ നിയമിക്കുന്നതിനും നടപടി ആരംഭിച്ചു. അടിയന്തര ഘട്ടങ്ങളിൽ സവിശേഷ ഇടപെടലുകൾക്കായി ആധുനിക സജ്ജീകരണത്തോടെയുള്ള പോലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതാണ്. 125 പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ പ്രവർത്തന മികവിന്റെ ഫലമായി നിരവധി അംഗീകാരങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ ലാ ആന്റ് ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 203 പോലീസ് സ്റ്റേഷനുകളിലെ സി.ഐ.മാരെ എസ്.എച്ച്.ഒ. ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കും. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള മൊബൈൽ ആപ്പ് ഉടൻതന്നെ ലഭ്യമാക്കുന്നതാണ്. പോലീസ് സേനയിൽ വനിതാ പോലീസിന്റെ അംഗസംഖ്യ 15 ശതമാനമാക്കി ഉയർത്തും. സംസ്ഥാനത്ത് വ്യവസായ സംരക്ഷണ സേന രൂപീകരിക്കുന്നതിനുള്ള

നടപടികൾ ആരംഭിച്ചിട്ടുണ്ട്. ട്രാഫിക് അപകട നിവാരണത്തിനും നിയന്ത്രണത്തിനും പ്രത്യേക പരിശീലനം നൽകിയ പോലീസ് സേന രൂപീകരിക്കും. ട്രാഫിക് ചുമതലയും കേസുകളുടെ ചുമതലയും പ്രത്യേകം വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ക്രമീകരണം നടപ്പിലാക്കും. ട്രാഫിക് നിരീക്ഷണം, വി.ഐ.പി.സെക്യൂരിറ്റി, ദുരന്തനിരവാരണം മുതലായവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഏരിയൽ സർവ്വൈലൻസ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുകയും ഓൺലൈൻ മുഖാന്തിരം എഫ്.ഐ.ആർ. ലഭ്യമാക്കുന്നതിനും പരാതികൾ നൽകുന്നതിനും എല്ലാ സ്റ്റേഷനുകൾക്കും പ്രത്യേക വെബ്സൈറ്റ് നൽകുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക വിഭാഗം ആരംഭിക്കും. കമാൻഡോ, ആഭ്യന്തര സുരക്ഷാ ഇന്റലിജൻസ്, ആഭ്യന്തര സുരക്ഷാ അന്വേഷണം എന്നീ വിഭാഗങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന ഭീകരവിരുദ്ധ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന്റെ ഭാഗമായി 210 പേർ ഉൾപ്പെടെ അമ്പത് വനിതാ കമാൻഡോകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പോലീസ് സേനയിലെ ടെലികമ്മ്യൂണിക്കേഷൻ സംവിധാനം ഡിജിറ്റൽ കമ്യൂണിക്കേഷൻ സംവിധാനമാക്കി ഉയർത്തും. കോടതി വിചാരണയ്ക്കായി വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് തുടക്കം കുറിച്ചു. കോടതികളുടെ അടിസ്ഥാന സൗകര്യ

വികസനത്തിനായി 26 കോടി രൂപയും സബോർഡിനേറ്റ് കോടതികളുടെ ആധുനികവൽക്കരണത്തിന് 8 കോടി രൂപയും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ നവീകരണത്തിന് ബഡ്ജറ്റിൽ 65 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സിവിൽ ഡിഫൻസ് ഫോഴ്സ് സംവിധാനം ആരംഭിക്കുന്നതിനും ഫയർഫോഴ്സിൽ വനിതകളെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. സൈനിക ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനും ഹോം ഗാർഡുകളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. തീരദേശ സുരക്ഷയ്ക്കായി മത്സ്യത്തൊഴിലാളി മേഖലയിൽനിന്ന് 200 പേരെ പ്രത്യേകമായി നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കേരള പോലീസ് അക്കാദമിയെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതാണ്. മുതിർന്ന പൗരന്മാരുടെ സേവനത്തിന് ഹോട്ട് ലൈൻ സംവിധാനം പാലാ സബ് ഡിവിഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വിജയിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഫോറൻസിക് അന്വേഷണ വിഭാഗത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും കേസന്വേഷണം വേഗത്തിൽ പൂർത്തിയാക്കുന്നതിനും കൂടുതൽ ഫോറൻസിക് ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഡി.എൻ.എ. ലാബുകൾ ആരംഭിക്കുന്നതാണ്. കൊച്ചി മേഖലാ ഫോറൻസിക് ലാബ് സൈബർ ഫോറൻസിക് സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള

അവസാനഘട്ടത്തിലാണ്. ജനങ്ങൾക്ക് സ്വൈര്യജീവിതവും നീതിയും ഉറപ്പാക്കുന്ന നിലയിൽ ആധുനിക സംവിധാനങ്ങളോടെ പോലീസ് സേനയെ മാറ്റിയെടുക്കുന്നതോടൊപ്പം സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അർഹതയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിനും കേസിൽ ഉൾപ്പെട്ടിട്ടില്ലാത്തവരുടെ പ്രൊമോഷൻ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തടവുകാർ ഉല്പാദിപ്പിക്കുന്ന സാധനങ്ങളിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ അമ്പത് ശതമാനം അവരുടെ ക്ഷേമത്തിനും ജയിലുകളുടെ അത്യാവശ്യ നവീകരണത്തിനുമായി പ്രിസൺ ഡെവലപ്മെന്റ് ഫണ്ടിലൂടെ അനുവദിക്കാനും സംസ്ഥാനത്തെ ജയിലുകളിലൊന്നിനെ മാതൃകാ ജയിലായി ഉയർത്തി രോഗബാധിതരായ തടവുകാർക്ക് പ്രത്യേക ശ്രദ്ധയും ചികിത്സാ സൗകര്യവും ലഭ്യമാക്കാനും വിശേഷ തൊഴിലുകളിൽ പരിശീലനം നൽകി അവരെ സ്വയംപര്യാപ്തരാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് ആധുനികവത്കരിക്കുന്നതിനും എൻ.ഒ.സി. നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം നടപ്പാക്കുന്നതാണ്. അച്ചടിയും സ്റ്റേഷനറിയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി ഐ.ടി

സെൽ രൂപീകരിക്കുകയും സ്റ്റേഷനറി സാധനങ്ങളുടെ വിതരണത്തിന് ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റമായ ഇ-മിസ്റ്റ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിഷ്കരണം വരുത്തുകയും വകുപ്പിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കും ആധുനികവത്കരണത്തിനുമായി 50 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേഷനറി സ്റ്റോറുകളുടെ സ്റ്റോക്ക് ഉപഭോക്തൃ ഓഫീസുകളിൽ അറിയുന്നതിനുള്ള ഓൺലൈൻ ഇന്റന്റ് സംവിധാനത്തിന്റെ രണ്ടാംഘട്ടവും ഇ-ഓഫീസ് സംവിധാനവും ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് എസ്.പി.യെ നിലനിർത്തി ഡിവൈ.എസ്.പി. കാര്യങ്ങൾ നിർവ്വഹിക്കുന്ന സ്ഥിതി നിലനിൽക്കുന്നുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ബാഹ്യശക്തികൾക്ക് വഴങ്ങി പ്രവർത്തിക്കേണ്ട അവസ്ഥ സംസ്ഥാന പോലീസ് സേനയ്ക്ക് ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, പൊതുജനങ്ങൾക്ക് നീതി ലഭ്യമാകത്തക്ക വിധത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശം നൽകിയിട്ടുമുണ്ട്. പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഷുഹൈബ് കൊലക്കേസുമായി ബന്ധപ്പെട്ട അന്വേഷണം സംബന്ധിച്ച് സർക്കാരിന് വ്യക്തമായ നിലപാടാണുള്ളത്. 26-02-2018-ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന സംഘർഷത്തിൽ കാലാവധി കഴിഞ്ഞ ഗ്രനേഡുകളോ കണ്ണീർവാതക ഷെല്ലുകളോ പ്രയോഗിച്ചിട്ടില്ല. മുൻവർഷങ്ങളെ

അപേക്ഷിച്ച് 2017-ൽ ദേവാലയങ്ങളിലെ മോഷണ കേസുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. സി.ബി.ഐ. അന്വേഷണത്തിനുവിട്ട 79 കേസുകളിൽ 39-ഉം കോടതി നിർദ്ദേശപ്രകാരമാണ് ഉണ്ടായിട്ടുള്ളത്. ബാംഗ്ലൂരിൽ കഴിയുന്ന രോഗിയും അവശനുമായ മ്അദനിക്ക് ചികിത്സയ്ക്കും ബന്ധുക്കളുടെ സഹായം ലഭിക്കുന്നതിനുമായി കേരളത്തിൽ താമസിക്കുന്നതിന് ജാമ്യ വ്യവസ്ഥയിൽ മാറ്റം അനിവാര്യമാണെന്ന കാര്യം കർണ്ണാടക മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പുസ്തകവുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്ന എം. എം. അക്ബറിന്റെ കാര്യത്തിൽ പോലീസ് കൃത്യമായി അന്വേഷിച്ചിട്ടുണ്ട്. മതവിദ്വേഷം വളർത്തുന്ന രീതിയിൽ പ്രസംഗിച്ചതിന് ശശികല ടീച്ചർക്കെതിരെ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിലും എറണാകുളം നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 06.03.2018-ലെ കണക്കനുസരിച്ച് ആഭ്യന്തര വകുപ്പിന്റെ പ്ലാൻ ചെലവ് 86 ശതമാനത്തിലെത്തിയിട്ടുണ്ട്. ത്രിപുരയിൽ ലെനിന്റെ പ്രതിമ തകർത്തത് നിർഭാഗ്യകരവും അങ്ങേയറ്റം അപലപനീയവുമാണ്. അതിനെ ന്യായീകരിച്ചുകൊണ്ടുള്ള പ്രതികരണങ്ങൾ ഞെട്ടലുളവാക്കുന്നതാണ്. ന്യൂനപക്ഷ സംരക്ഷണം ഇടതുപക്ഷത്തിന്റെ മുഖമുദ്രയാണ്. അസത്യങ്ങൾ പ്രചരിപ്പിച്ച് സങ്കുചിത രാഷ്ട്രീയ നേട്ടമുണ്ടാക്കി ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന സമീപനം

പ്രതിപക്ഷം സ്വീകരിക്കുന്നത് നല്ലതല്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും 34-നെതിരെ 76 വോട്ടുകളോടെ സഭ പാസാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.12-ന് പിരിഞ്ഞു.)

******